പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4815 | 22.03. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. യുടെ സ്പോർട്സ് & ഗെയിംസ് ടീമുകൾ

ചോദ്യം | ഉത്തരം

ശ്രീ.പി.സി.ജോർജ്ജ്. | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യ്ക്ക് ഏതൊക്കെ പുരുഷ, വനിതാ സ്പോർട്സ് ആൻഡ് ഗെയിംസ് ടീമുകൾ നിലവിലുണ്ട്; വിശദമാക്കുമോ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ താഴെപ്പറയുന്ന സ്പോർട്സ് ടീമുകൾ നില നിർത്തുന്നതിനാണ് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്.<br>1. വോളിബോൾ (പുരുഷന്മാർ)<br>2. വോളിബോൾ (വനിതകൾ)<br>3. ബാസ്കറ്റ്ബോൾ (പുരുഷന്മാർ)<br>4. ബാസ്കറ്റ്ബോൾ (വനിതകൾ)<br>5. ഫുട്ബോൾ (പുരുഷന്മാർ)<br>6. ടെന്നീസ് (പുരുഷന്മാർ)<br>7. ബാഡ്മിന്റൺ - ഷട്ടിൽ (പുരുഷന്മാർ) |
| (ബി) അത് ലറ്റിക്സിലും വിവിധ ഗെയിംസിലും കൂടുതൽ നല്ല നിലവാരമുള്ള സ്പോർട്സ് താരങ്ങളെ നിയമിച്ച് കേരളത്തിന്റെ കായിക യശസ്സ് ഉയർത്തുവാൻ നടപടി സ്വീകരിയ്ക്കുമോ;<br>(സി) കേരളത്തിൽ വിവിധ തരത്തിലുള്ള സ്പോർട്സ് ആൻഡ് ഗെയിംസ് താരങ്ങൾ യാതൊരു ജീവിത മാർഗ്ഗവും ഇല്ലാതെ ജോലിയില്ലാതെ അലയുന്നത് കൂടി കണക്കിലെടുത്ത് കെ.എസ്. ഇ.ബി. യിൽ അടിയന്തിരായി ഓരോ വർഷവും ഓരോ ഗെയിമിനും വേണ്ട എണ്ണം ആളുകളെ നിയമിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ? | (ബി) & (സി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു വർഷം പരമാവധി 15 കായിക താരങ്ങൾക്കാണ് സ്പോർട്സ് ക്വാട്ടായിൽ നിയമനം നൽകാൻ കഴിയുന്നത്. പ്രസ്തുത 15 പേരുടെ നിയമനം, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സജീവമായിട്ടുള്ള ടീമുകൾ ശക്തിപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും അത്യാവശ്യമാണ്. കൂടുതൽ കായിക ഇനങ്ങളിലേക്ക് നിയമനം നടത്തിയാൽ നിലവിലുള്ള ടീമുകളെ ദുർബലപ്പെടുത്താനും, കെ.എസ്.ഇ.ബി. ലിമിറ്റഡിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്താനും സാധ്യതയുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുതിയ കായിക ഇനങ്ങളിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ